"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സ്റ്റോർസ് പർച്ചേസ് വകുപ്പ് - അച്ചടി വകുപ്പിൽ കൺട്രോളർ ഓഫ് ഫോംസ് തസ്തികയിൽ താൽക്കാലിക സ്ഥാനക്കയറ്റ നിയമനം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സ്റ്റോർസ് പർച്ചേസ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.116/2023/SPD തീയതി,തിരുവനന്തപുരം, 10-10-2023

---

പരാമർശം:-
1. 24/11/1995 ലെ GO(P) No. 29/95/ഉ.ഭ.പ.(റൂൾസ്) വ നമ്പർ ഉത്തരവ്
2. 22.11.1994-ലെ GO(Ms) No. 170/94/ഉവിവ നമ്പർ ഉത്തരവ്
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 17/05/2023, 11/08/2023, 02/09/2023 എന്നീ തീയതികളിലെ പി.റ്റി.ജി.ഡി/2126/2022-ഇ8 നമ്പർ സർക്കാർ കത്ത്.

**ഉത്തരവ്**

അച്ചടി വകുപ്പിലെ കൺട്രോളർ ഓഫ് ഫോംസ് ശ്രീ. കെ. ഉണ്ണികൃഷ്ണൻ 30/04/2023-ന് സർവ്വീസിൽ നിന്നും അധിവർഷ പെൻഷൻ പറ്റി വിരമിച്ചത് മൂലം ടി തസ്തികയിൽ ഒരു ഒഴിവ് നിലവിലുണ്ടെന്നും അച്ചടി വകുപ്പിലെ പേര് മാറ്റം, മതം മാറ്റം,എന്നിവ കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കേണ്ടത് കൺട്രോളർ ഓഫ് ഫോംസ് ആണെന്നും അച്ചടി വകുപ്പിന് കീഴിലുള്ള 12 ജില്ലാ ഫോം സ്റ്റോറുകളുടെ ചുമതല എന്നിവയുടെ മേൽ നോട്ടം, കൂടാതെ വകുപ്പിലെ ജി.എസ്.ടി, വിവരാവകാശ അപ്പീൽ അധികാരി എന്നീ ചുമതലകൾ കൂടി കൺട്രോളർ ഓഫ് ഫോംസ് ആണ് വഹിക്കുന്നത് എന്നതിനാൽ ടി തസ്തിക ഒഴിഞ്ഞ് കിടക്കുന്നത് അച്ചടി വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുവെന്നും സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്യുന്നതിന് കാലതാമസം നേരിടുമെന്നതിനാൽ കൺട്രോളർ ഓഫ് ഫോംസ് തസ്തികയിലേയ്ക്ക് അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഏറ്റവും സീനിയറായ ശ്രീ. എസ്. മുരളീധരന് KS &SSR Rule 9(a) (i) പ്രകാരം താൽക്കാലിക നിയമനം നൽകുന്നതിന് അനുമതി നൽകണമെന്നും അച്ചടി വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൺട്രോളർ ഓഫ് ഫോംസ് തസ്തികയുടെ ഫീഡർ തസ്തികയായി അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തിക ഉൾപ്പെടുത്തിക്കൊണ്ട് കേരള ജനറൽ സർവ്വീസ് റൂൾസ് ഭേദഗതി വരുത്തുന്നതിനുള്ള നടപടിക്രമങ്ങൾക്ക് കാലതാമസം നേരിടുന്ന സാഹചര്യത്തിലും, കൺട്രോളർ ഓഫ് ഫോംസ് തസ്തിക നികത്തേണ്ട അടിയന്തിര സാഹചര്യം വകുപ്പിൽ നിലിനിൽക്കുന്നു എന്നതിനാലും, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്/അക്കൗണ്ട്സ് ഓഫീസർ തസ്തികയിലെ ഏറ്റവും സീനിയറായ ജീവനക്കാരനായ ശ്രീ. എസ്. മുരളീധരന് KS & SSR Rule 9 (a) (i) പ്രകാരം, താത്കാലിക സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PRAMOD V R

ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

അച്ചടി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ(അച്ചടി വകുപ്പ് ഡയറക്ടർ മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരളം, തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by

Bindu V K

Date: 10-10-2023 15:45:35

സെക്ഷൻ ഓഫീസർ